**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2842** **06-10-2025 - ൽ മറുപടിയ്ക്ക്**

**എരുമേലിയിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | എരുമേലിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നിലവിലുണ്ടായിരുന്ന എത്ര നിർമ്മിതികളാണ് പൊളിച്ച് മാറ്റിയതെന്ന് വ്യക്തമാക്കുമോ; | (എ) | എരുമേലിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഇടത്താവളം നിർമ്മാണത്തിനായി ഭജനമഠം, നാല് പിൽഗ്രിം ഷെൽറ്ററുകൾ, വാട്ടർ ടാങ്കുകൾ എന്നിവ പൊളിച്ച് മാറ്റിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മിതികൾക്ക് പകരം കിഫ്ബി ഫണ്ട് മുഖേന നാളിതുവരെ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക, പ്രവൃത്തികൾ ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി എന്നിവ സഹിതം വ്യക്തമാക്കുമോ? | (ബി) | കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണം പുരോഗമിക്കുന്ന മൂന്ന് നിലകളുള്ള ഇടത്താവളം കെട്ടിടത്തിൽ സ്റ്റാഫ് മെസ്, ഡൈനിംഗ് ഹാൾ, ഡോർമിറ്ററി ഹാൾ, കുളിമുറികൾ, ടോയ്‌ലറ്റുകൾ, പാർക്കിംഗ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ടി നിർമ്മാണ പ്രവൃത്തികൾക്കായി 16.35 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. എരുമേലി ഉൾപ്പെടെ അഞ്ച് സ്ഥലങ്ങളിൽ നടക്കുന്ന ഇടത്താവളം നിർമ്മാണത്തിനായി(പാക്കേജ് -1) നാളിതുവരെ 80.10 കോടി രൂപ കിഫ്ബി അനുവദിക്കുകയും ആയത് പദ്ധതിയുടെ പി.എം.സി.-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 12.03.2022-ന് ആരംഭിച്ച എരുമേലി ഇടത്താവളത്തിന്റെ നിർമ്മാണം 85 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുള്ളതായും 31.10.2025-നകം നിർമ്മാണം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ